# ഖുർആൻ ബോധനം

എ.വൈ.ആർ

634

സൂറ-15

# അൽ ഹിജ്ർ

وَإِذْ قَالَ رَبُّكَ لِلْمَلَٰٓئِكَةِ إِنِّى خَٰلِقٌۢ بَشَرًا مِّن صَلْصَٰلٍ مِّنْ حَمَإٍ مَّسْنُونٍ ﴿٢٨﴾
فَإِذَا سَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى فَقَعُوا۟ لَهُۥ سَٰجِدِينَ ﴿٢٩﴾
فَسَجَدَ ٱلْمَلَٰٓئِكَةُ كُلُّهُمْ أَجْمَعُونَ ﴿٣٠﴾
إِلَّآ إِبْلِيسَ أَبَىٰٓ أَن يَكُونَ مَعَ ٱلسَّٰجِدِينَ ﴿٣١﴾
قَالَ يَٰٓإِبْلِيسُ مَا لَكَ أَلَّا تَكُونَ مَعَ ٱلسَّٰجِدِينَ ﴿٣٢﴾

**28** വിധാതാവ് മലക്കുകളോടോതിയതോർക്കുക: വരണ്ട കളിമണ്ണിൽനിന്നുള്ള കറുത്തു നാറിയ പദാർഥത്തിൽനിന്ന് ഞാൻ മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു.
**29** സൃഷ്ടി പൂർത്തീകരിക്കുകയും അതിൽ എന്റെ ആത്മാവിൽനിന്ന് ഊതുകയും ചെയ്താൽ നിങ്ങളെല്ലാവരും അവന്റെ മുമ്പിൽ പ്രണാമത്തിൽ വീഴുവിൻ.
**30** അങ്ങനെ മലക്കുകളൊക്കെയും ഒരുമിച്ച് പ്രണാമം ചെയ്തു
**31** ഇബ്‌ലീസ് ഒഴിച്ച്; അവൻ പ്രണാമം ചെയ്യുന്നവരുടെ കൂടെ ചേരാൻ കൂട്ടാക്കിയില്ല.
**32** വിധാതാവ് ചോദിച്ചു: പ്രണാമം ചെയ്തവരുടെ കൂടെ ചേരാതിരിക്കാൻ നിനക്കെന്തുകാര്യം?

وَإِذْ قَالَ رَبُّكَ= നിന്റെ വിധാതാവ് പറഞ്ഞതോർക്കുക لِلْمَلَٰٓئِكَةِ= മലക്കുകളോട്
إِنِّى خَٰلِقٌۢ= ഞാൻ സൃഷ്ടിക്കുന്നവനാണ്(സൃഷ്ടിക്കാൻപോകുന്നു) بَشَرًا= മനുഷ്യനെ
مِّن صَلْصَٰلٍ مِّنْ حَمَإٍ مَّسْنُونٍ= വരണ്ട, ചിലമ്പുന്ന കളിമണ്ണിൽനിന്നുള്ള കറുത്തു നാറുന്നതി(പദാർഥത്തി)ൽനിന്ന്
فَإِذَا سَوَّيْتُهُۥ= ഞാൻ അതു സമീകരിച്ചാൽ(സൃഷ്ടി പൂർത്തിയാക്കുകയും) وَنَفَخْتُ فِيهِ= അതിൽ ഞാൻ ഊതുകയും ചെയ്താൽ
مِن رُّوحِى= എന്റെ ആത്മാവിൽനിന്ന് فَقَعُوا۟ لَهُۥ= നിങ്ങൾ അതിന് സംഭവിക്കുവീൻ (അതിന്റെ മുന്നിൽ വീഴുവീൻ)
سَٰجِدِينَ= സുജൂദ് ചെയ്യുന്നവരായി(പ്രണാമത്തിൽ) فَسَجَدَ ٱلْمَلَٰٓئِكَةُ= അങ്ങനെ മലക്കുകൾ പ്രണാമം ചെയ്തു
كُلُّهُمْ= അവരൊക്കെയും أَجْمَعُونَ= എല്ലാവരും(ഒരുമിച്ച്) إِلَّآ إِبْلِيسَ= ഇബ്‌ലീസ് ഒഴിച്ച് أَبَىٰٓ= അവൻ വിസമ്മതിച്ചു, കൂട്ടാക്കിയില്ല
أَن يَكُونَ= അവൻ ആകുവാൻ(ചേരാൻ) مَعَ ٱلسَّٰجِدِينَ= പ്രണാമം ചെയ്യുന്നവരുടെ കൂടെ
قَالَ= അവൻ പറഞ്ഞു(വിധാതാവ് ചോദിച്ചു) يَٰٓإِبْلِيسُ= ഹേ ഇബ്‌ലീസ് مَا لَكَ= നിനക്കെന്ത്(കാര്യം)
أَلَّا تَكُونَ= നീ ആവാ(ചേരാ)തിരിക്കാൻ مَعَ ٱلسَّٰجِدِينَ= പ്രണാമം ചെയ്യുന്നവരുടെ കൂടെ

**28,29:** കഴിഞ്ഞ രണ്ടു സൂക്തങ്ങൾ ഒരാമുഖമെന്നോണം അവതരിപ്പിച്ചശേഷം വിഷയത്തിലേക്ക് കടക്കുകയാണിവിടെ. മനുഷ്യോൽപത്തിയും ഇബ്‌ലീസിന്റെ ധിക്കാരവും *അൽബഖറ* 33-38 സൂക്തങ്ങളിലും *അൽഅഅ്റാഫ്* 11-25 സൂക്തങ്ങ

ളിലും പ്രതിപാദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ ചർച്ച പ്രസ്തുത സൂക്തങ്ങൾക്ക് താഴെ വായിക്കാം. ഈ സന്ദർഭത്തിലെ വചനശൈലി ഉൾക്കൊള്ളുന്ന ചില സൂചനകൾ ഉണർത്തുകയാണിവിടെ.

ആദമിന്ന് പ്രണാമം ചെയ്യാൻ അല്ലാഹു മലക്കുകളോടാ ജ്ഞാപിച്ചത് ആദമിനെ സൃഷ്ടിക്കുന്നതിനു മുമ്പായിരുന്നു. ആദമിന്റെ രൂപം പടച്ചാലുടനെ പ്രണാമം ചെയ്യണമെന്നല്ല കൽപിച്ചത്. സൃഷ്ടി പൂർത്തീകരിക്കുകയും അതിൽ അല്ലാഹുവിങ്കൽ നിന്നുള്ള ആത്മാവ് ഊതുകയും ചെയ്ത ശേഷം പ്രണാമം ചെയ്യണമെന്നായിരുന്നു- فَإِذَا سَوَّيْتُهُۥ وَنَفَخْتُ فِيهِ مِن رُّوحِى. സമീകരിച്ചു, ശരിപ്പെടുത്തി, സന്തുലിതമാക്കി, നിരപ്പാക്കി എന്നൊക്കെയാണ് سوى യുടെ അർഥം. 'അവയവങ്ങൾ സമഞ്ജസമായി ഘടിപ്പിച്ച് ശരീരഘടന സന്തുലിതമാക്കി സൃഷ്ടി പൂർത്തീകരിച്ചാൽ' എന്നാണ് ഇവിടെ ആശയം. ഈ ആകാര വിശേഷത്തിനും അവയവ ഘടനക്കും പുറമെ മനുഷ്യനിൽ അല്ലാഹു അവങ്കൽനിന്നുള്ള ഒരു ചൈതന്യവും നിക്ഷേപിച്ചിരിക്കുന്നു. അതാണ് وَنَفَخْتُ فِيهِ مِن رُّوحِى എന്ന വാകൃത്തിലൂടെ വ്യക്തമാക്കുന്നത്. روح ന് ആത്മാവ്, ജീവൻ എന്നും അർഥമുണ്ട്. എന്റെ റൂഹിൽനിന്ന് ഊതി എന്നാൽ അല്ലാഹുവിന്റെ ആത്മാവിന്റെ അല്ലെങ്കിൽ ജീവന്റെ ഒരംശം മനുഷ്യനു നൽകി എന്നല്ല ഉദ്ദേശ്യം. അല്ലാഹുവിന്റെ അധീനത്തിലുള്ള അഗോചര ശക്തികളിലൊന്നിന്റെ ഭാഗം നൽകി എന്നാണു മനസ്സിലാക്കേണ്ടത്. ദിവ്യകിരണം മനുഷ്യനിലേക്ക് പ്രസരിപ്പിച്ചു എന്നു ചിലർ വ്യാഖ്യാനിച്ചിട്ടുണ്ട്. പ്രപഞ്ചത്തിലാകമാനമുള്ള വെളിച്ചം-ചൈതന്യം അല്ലാഹുവിന്റേതാണല്ലോ- ٱللَّهُ نُورُ ٱلسَّمَٰوَٰتِ وَٱلْأَرْضِ (അല്ലാഹു ആകാശ ഭൂമികളുടെ വെളിച്ചമാകുന്നു -24:35). ഇതിനർഥം അല്ലാഹു അവന്റെ സത്തയാകുന്ന പ്രകാശത്തിൽനിന്ന് ഒരു ഭാഗമെടുത്തു പ്രാപഞ്ചിക വസ്തുക്കളിൽ വിതറി എന്നല്ല. അല്ലാഹുവിന്റെ മഹത്വവും വിശുദ്ധിയുമാണ് പ്രപഞ്ചത്തിലെങ്ങും വിളങ്ങുന്നത് എന്നാണ്. സൃഷ്ടികളിൽ കാണപ്പെടുന്ന എല്ലാ ഗുണങ്ങളും അല്ലാഹുവിന്റെ ഗുണങ്ങളിൽനിന്നുത്ഭവിച്ചതാണ്. ഒരു നബിവചനത്തിൽ ഇക്കാര്യം ഇങ്ങനെ ചിത്രീകരിച്ചിട്ടുണ്ട്: "അല്ലാഹു കാരുണ്യത്തെ നൂറുഭാഗമാക്കി. അതിൽ തൊണ്ണൂറ്റിയൊമ്പത് ഭാഗം തന്റെ അധീനത്തിൽ വെക്കുകയും ഒരു ഭാഗം ഭൂമിയിലേക്കിറക്കുകയും ചെയ്തു. ഒരു ഭാഗത്തിൽനിന്നുള്ളതാണ് സൃഷ്ടികൾ കാണിക്കുന്ന പരസ്പര കാരുണ്യം; ഒരു മൃഗം അതിന്റെ കുഞ്ഞിനെ ചവിട്ടിപ്പോകുമെന്നു പേടിച്ച് കാലുയർത്തിപ്പിടിക്കുന്നതുപോലും."

മനുഷ്യനിലുള്ള ദൈവാംശമാണ് അവന്റെ ആത്മാവ് എന്ന വാദത്തെ ഈ സൂക്തം സാധൂകരിക്കുന്നതായി കരുതിക്കൂടാ. അല്ലാഹുവിന്റെ ഗുണത്തിൽനിന്ന് മനുഷ്യനിലേക്ക് പ്രസരിക്കുക എന്നതും അല്ലാഹുവിന്റെ ഒരംശം മനുഷ്യനു നൽകുക എന്നതും വ്യത്യസ്തമാണ്. അല്ലാഹുവിന്റെ ഗുണം സൃഷ്ടിയിലേക്കു പ്രസരിക്കുമ്പോൾ അല്ലാഹുവിൽ നിന്ന് ആ ഗുണം വേർപെടുകയോ കുറയുകയോ ചെയ്യുന്നില്ല. ആ ഗുണം മനുഷ്യനിൽ സമ്പൂർണമാകുന്നുമില്ല. അല്ലാഹു നൽകിയതെത്രയാണോ അത്രമാത്രമേ മനുഷ്യന് ലഭിക്കുന്നുള്ളൂ. ഉദാഹരണമായി അല്ലാഹുവിന്റെ അറിവ്. മനുഷ്യർക്കുള്ള അറിവുകളെല്ലാം അല്ലാഹു നൽകിയതാണ്. മനുഷ്യന് നൽകിയ അറിവ് അല്ലാഹുവിന്റെ അറിവിൽ കുറയുന്നില്ല. മനുഷ്യൻ സർവജ്ഞനാകുന്നുമില്ല. ഇതുതന്നെയാണ് അല്ലാഹുവിന്റെ ഇതര ഗുണങ്ങളുടെയും അവസ്ഥ.

അഖണ്ഡനും അവിഭാജ്യനുമായ ഏകനാണ് അല്ലാഹു. അവൻ ശരീരവും ആത്മാവും ചേർന്ന സംയുക്തമല്ല. അവൻ സത്ത, ആത്മാവ്-ശരീരം എന്നിങ്ങനെയുള്ള വേർതിരിവിനും അര-കാൽ തുടങ്ങിയ വിഭജനത്തിനും അതീതമാകുന്നു.

റൂഹ്-ആത്മാവ് യഥാർഥത്തിൽ എന്താണ് എന്നു കൃത്യമായി നമുക്ക് അറിയാൻ കഴിയുന്നില്ല. മനുഷ്യന്നു മാത്രമുള്ള, തിര്യക്കുകൾക്കൊന്നുമില്ലാത്ത ഒരു ഗുണവിശേഷം നമ്മിലുണ്ട്. അതിനെ ആത്മാവ് എന്നു വിളിക്കുന്നു. ആത്മാവ് അഗോചരമാണ്. അതിനാൽ അജ്ഞേയവും. എന്താണ് എന്നറിഞ്ഞുകൂടെങ്കിലും നമ്മിൽ അതുണ്ട് എന്ന് നാം അറിയുന്നു. ആത്മാവിന്റെ യാഥാർഥ്യം അന്വേഷിക്കുന്നവരോട് ഖുർആൻ പറയുന്നു:

وَيَسْـَٔلُونَكَ عَنِ ٱلرُّوحِ ۖ قُلِ ٱلرُّوحُ مِنْ أَمْرِ رَبِّى وَمَآ أُوتِيتُم مِّنَ ٱلْعِلْمِ إِلَّا قَلِيلًا ﴿٨٥﴾

(പ്രവാചകാ, അവർ നിന്നോട് ആത്മാവിനെക്കുറിച്ചന്വേഷിക്കുന്നു. പറയുക: ആത്മാവ് നിന്റെ നാഥന്റെ കാര്യത്തിൽ പെട്ടതാകുന്നു. ജ്ഞാനത്തിൽനിന്ന് തുഛമായതേ നിങ്ങൾക്ക് ലഭിച്ചിട്ടുള്ളൂ - 17:85). ആത്മാവ് അല്ലാഹുവോ അവന്റെ അംശമോ ആണെന്നല്ല, അവന്റെ കാര്യത്തിൽ പെട്ടത്, അഥവാ അവന്റെ മാത്രം അധികാരത്തിലും നിയന്ത്രണത്തിലും പെട്ട പ്രതിഭാസം എന്നാണ് പറയുന്നത്. ഒപ്പം അതിന്റെ വിശദവിവരം മനുഷ്യന് അജ്ഞേയമാണെന്നും ഉണർത്തുന്നു. അജ്ഞേയമായ ഈ പ്രതിഭാസമാണ് മനുഷ്യന്റെ ബുദ്ധി, ചിന്ത, ജ്ഞാനശേഷി, സർഗവാസനകൾ തുടങ്ങിയ മാനസിക യോഗ്യതകളുടെയെല്ലാം ഉറവിടം. ആത്മാവിനെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്നതിലൂടെ അവന്റെ ജീവിതം സാർഥകവും വിജയകരവുമാകുന്നു. ആത്മാവിനെ മലിനീകരിച്ചു പാഴാക്കുന്നവൻ വിളക്കില്ലാത്ത വീടുപോലെയാണ്. അവൻ ഇരുട്ടിൽനിന്ന് ഇരുട്ടിലേക്കാണ്ടുകൊണ്ടിരിക്കും.

**30–32:** മനുഷ്യന് ലഭിച്ച സവിശേഷമായ ശരീര ഘടനയും അതുല്യമായ ആത്മാവുമാണ് അവനെ മലക്കുകളുടെ പ്രണാമത്തിന് അർഹനാക്കിയത്. അല്ലാഹു വസ്തുക്കളുടെ പേരുപറയാനാവശ്യപ്പെട്ടപ്പോൾ മലക്കുകൾക്ക് അത് പറയാൻ കഴിയാതിരിക്കുകയും ആദമിന്ന് കഴിയുകയും ചെയ്തപ്പോഴാണ് അവർ അദ്ദേഹത്തിന് സുജൂദ് ചെയ്തതെന്ന് *അൽബഖറ* 31–34 സൂക്തങ്ങൾ വിവരിക്കുന്നുണ്ട്. മുൻചൊന്ന യോഗ്യതകളാണ് ആദമിനെ മലക്കുകളുടെ സുജൂദിനർഹനാക്കിയതെന്ന് ഈ സന്ദർഭത്തിലെ فَسَجَدَ ٱلْمَلَٰٓئِكَةُ -അപ്പോൾ മലക്കുകൾ സുജൂദ് ചെയ്തു- എന്ന വചന ശൈലിയും സൂചിപ്പിക്കുന്നു.

كُلُّهُمْ എന്നതിന്റെയും أَجْمَعُونَ എന്നതിന്റെയും അർഥം ഒന്നുതന്നെയാണ്. كُلُّهُمْ ന് നൽകുന്ന ഊന്നലാണ് أَجْمَعُونَ. എല്ലാവരും ഒന്നിച്ച് സുജൂദ് ചെയ്തു എന്നുമാവാം. മലക്കുകളിൽ ആരും തന്നെ വിസമ്മതിക്കുകയോ മടിച്ചു നിൽക്കുകയോ ചെയ്തില്ല. ജിന്നായ ഇബ്‌ലീസ് മാത്രമാണ് വിസമ്മതിച്ചു മാറി നിന്നത്.

ആദമിന്ന് പ്രണാമം ചെയ്യാതിരിക്കാൻ ഇബ്‌ലീസ് പറഞ്ഞ ന്യായം മണ്ണിൽനിന്ന് സൃഷ്ടിച്ച മനുഷ്യന്ന് പ്രണാമം ചെയ്യുന്നത് തനിക്കു ഭൂഷണമല്ല എന്നാണ്. താൻ ആദ

മിനെക്കാൾ മികച്ചവനാണെന്ന് അഹങ്കരിക്കുകയാണവൻ. أَبَىٰ وَٱسْتَكْبَرَ -അവൻ ഗർവിഷ്ഠനായി വിസമ്മതിച്ചു- എന്നാണ് *അൽബഖറ* 34-ാം സൂക്തത്തിൽ പറയുന്നത്. أَنَا۠ خَيْرٌ مِّنْهُ خَلَقْتَنِى مِن نَّارٍ وَخَلَقْتَهُۥ مِن طِينٍ -ഞാൻ അവനെക്കാൾ മുന്തിയവനാകുന്നു. അഗ്നിയാലാണ് നീ എന്നെ സൃഷ്ടിച്ചത്. അവനെ സൃഷ്ടിച്ചതോ മണ്ണിനാലും- എന്ന് *അൽഅഅ്റാഫ്* 12-ാം സൂക്തം ഇബ്‌ലീസിനെ ഉദ്ധരിക്കുന്നുമുണ്ട്.

ഈ പ്രണാമം മനുഷ്യന്റെ മഹത്വം വെളിപ്പെടുത്തുന്നതോടൊപ്പം മലക്കുകൾക്കും ജിന്നുകൾക്കും അല്ലാഹുവിങ്കൽ നിന്നുള്ള ഒരു പരീക്ഷണവും കൂടിയായിരുന്നു. മലക്കുകൾ അതിൽ വിജയിച്ചു. ജിന്നുകളിൽ പെട്ട ഇബ്‌ലീസ് തോറ്റു. അവന്റെ അഹന്തയും വ്യാമോഹവുമാണ് അതിനു കാരണമായത്. ഈ ധിക്കാരം മൂലം ഇബ്‌ലീസ് സ്വർഗത്തിൽനിന്ന് ആട്ടിയോടിക്കപ്പെട്ടു. അന്ത്യനാൾവരെ അഭിശപ്തനായി. അതിനുശേഷം ഈ പാപത്തിന്റെ ശിക്ഷയനുഭവിക്കേണ്ടതുമുണ്ട്. ■